# Desabhimani
# 17 July 2018
# Kochi; Relief and Relief Camps

## ആശ്വാസം ദുരിതാശ്വാസ ക്യാമ്പുകൾ

- ജില്ലയിൽ ദുരിതത്തിലായ മേഖലകളിൽ നിന്നും 4681 പേരെ ക്യാമ്പുകളിലേക്ക് മാറ്റി. വിവിധ താലൂക്കുകളിലായി 54 ക്യാമ്പുകളാണ് തുറന്നത്.
- 1489 കുടുംബങ്ങൾ ക്യാമ്പുകളിൽ അഭയം തേടി

സ്വന്തം ലേഖിക

**കൊച്ചി**

കനത്ത മഴയെ തുടർന്ന് ജില്ലയിൽ ദുരിതത്തിലായ മേഖലകളിൽ നിന്നും 4681 പേരെ ക്യാമ്പുകളിലേക്ക് മാറ്റിപ്പാർപ്പിച്ചു. വിവിധ താലൂക്കുകളിലായി 54 ക്യാമ്പുകളാണ് തുറന്നത്. 1489 കുടുംബങ്ങൾ ക്യാമ്പുകളിൽ അഭയം തേടി. ക്യാമ്പുകളിൽ വൈദ്യസഹായം അടക്കം ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്താൻ തഹസിൽദാർമാർക്ക് നിർദേശം നൽകിയിട്ടുണ്ടെന്ന് കലക്ടർ മുഹമ്മദ് വൈ സഫീറുള്ള പറഞ്ഞു.



കളമ്പൂർ മത്സ്യക്കോളനിയിൽ പിറവം ബാങ്ക് പ്രസിഡന്റ് സി കെ പ്രകാശിന്റെ നേതൃത്വത്തിൽ അരി വിതരണംചെയ്യുന്നു

കൊച്ചി താലൂക്കിൽ 421 കുടുംബങ്ങളിലെ 1088 പേരാണ് ആറ് ക്യാമ്പുകളിലായി കഴിയുന്നത്. ചെല്ലാനം ലിയോ ഇംഗ്ലീഷ് മീഡിയം ഹൈസ്കൂളിലെ ക്യാമ്പിൽ 150 കുടുംബങ്ങളിലെ 336 പേരും സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂളിൽ 190 കുടുംബങ്ങളിലെ 500 പേരും കഴിയുന്നു. എളങ്കുന്നപ്പുഴ സെന്റ് പീറ്റേഴ്സ് എൽപി സ്കൂളിൽ 33 കുടുംബങ്ങളിലെ 125 പേർക്ക് സൗകര്യമൊരുക്കി. പനയപ്പള്ളി ഗവ. സ്കൂളിൽ ഒരു കുടുംബവും പള്ളുരുത്തിയിലെ കോർപറേഷൻ ടൗൺ ഹാളിൽ 32 കുടുംബങ്ങളിലെ 65 പേരും അഭയം തേടിയെത്തി. പുതുവൈപ്പ് ഗവ. യുപി സ്കൂളിലെ ക്യാമ്പിൽ 15 കുടുംബങ്ങളിലെ 60 പേർക്കും അധികൃതർ താൽക്കാലിക സൗകര്യമൊരുക്കി.

മൂവാറ്റുപുഴ താലൂക്കിൽ 342 കുടുംബങ്ങളിലെ 1211 പേരാണ് 12 ക്യാമ്പുകളിൽ കഴിയുന്നത്. പുന്നമറ്റം മദ്രസ ഹാളിൽ 15 കുടുംബങ്ങളിലെ 60 പേരും സൗത്ത് മാറാടിയിലെ സ്വകാര്യ കെട്ടിടത്തിലെ ക്യാമ്പിൽ മൂന്ന് കുടുംബങ്ങളിലെ 11 പേരും അഭയം തേടി. കളമ്പൂർ ധീവരസഭാ ഹാളിൽ 18 കുടുംബങ്ങളിലെ 90 പേർക്കും കാക്കൂരിലെ ഫാം ഹൗസിൽ അഞ്ച് കുടുംബങ്ങളിലെ 18 പേരെയും താമസിപ്പിച്ചു. കാക്കൂർ എൻഎസ്എസ് ഓഡിറ്റോറിയത്തിൽ ആറ് കുടുംബങ്ങളിലെ 30 പേർക്കും കുന്നക്കൽ ഗവ. എൽപി സ്കൂളിൽ രണ്ട് കുടുംബങ്ങളിലെ നാല് പേർക്കും കുര്യൻമല ആരോഗ്യകേന്ദ്രത്തിൽ മൂന്ന് കുടുംബങ്ങളിലെ 10 പേർക്കും സൗകര്യമൊരുക്കി. കടാതി എൻഎസ്എസ് ഓഡിറ്റോറിയത്തിൽ 25 കുടുംബങ്ങളിലെ 80 പേരും മൂവാറ്റുപുഴ ടൗൺ യുപി സ്കൂളിൽ 13 കുടുംബങ്ങളിലെ 30 പേരും കഴിയുന്നു. പെരുമറ്റത്തെ വിഎം പബ്ലിക് സ്കൂളിൽ 178 കുടുംബങ്ങളിലെ 623 പേർക്കും പെരുമറ്റം മുസ്ലിം പള്ളിയിൽ 70 കുടുംബങ്ങളിലെ 246 പേർക്കും താമസസൗകര്യം നൽകിയതായി അധികൃതർ അറിയിച്ചു. പിറവത്തെ പറപ്പാളി പ്രയർ ഹാളിൽ നാല് കുടുംബങ്ങളിലെ ഒമ്പതു പേരും കഴിയുന്നു.

കോതമംഗലം താലൂക്കിൽ 44 കുടുംബങ്ങളിലെ 154 പേരാണ് ക്യാമ്പുകളിൽ കഴിയുന്നത്. തൃക്കാരിയൂർ ഗവ. എൽപി സ്കൂളിൽ 11 കുടുംബങ്ങളിലെ 36 പേരും കോതമംഗലം ടൗൺ യുപി സ്കൂളിൽ 33 കുടുംബങ്ങളിലെ 118 പേരും കഴിയുന്നു. കണയന്നൂർ താലൂക്കിൽ 10 ക്യാമ്പുകളിലായി 115 കുടുംബങ്ങളിലെ 444 പേരാണ് താമസിക്കുന്നത്. ഇരുമ്പനം ഭാസ്കരൻ കമ്യൂണിറ്റി ഹാളിൽ 42 കുടുംബങ്ങളിലെ 170 പേരും തൃക്കാക്കര നോർത്ത് വില്ലേജിൽ ചേറാത്ത് കോളനിയിലെ നവഭാവന ക്ലബ്ബിൽ രണ്ട് കുടുംബങ്ങളിലെ എട്ടു പേരും എ കെ ജി കോളനിയിലെ അങ്കണവാടിയിൽ മൂന്ന് കുടുംബങ്ങളിലെ 11 പേരും കഴിയുന്നു. കളമശേരി എച്ച്എംടി കോളനി ഗവ. എൽപി സ്കൂളിൽ 15 കുടുംബങ്ങളിലെ 79 പേരെ പാർപ്പിച്ചിട്ടുണ്ട്. തുതിയൂർ സെന്റ് മേരീസ് യുപി സ്കൂളിൽ 15 കുടുംബങ്ങളിലെ 43 പേരും മേക്കര അങ്കണവാടിയിൽ രണ്ട് കുടുംബങ്ങളിലെ 11 പേരും എരൂർ പകൽ വീട്ടിൽ അഞ്ച് കുടുംബങ്ങളിലെ 20 പേരും കഴിയുന്നു. ഇടപ്പള്ളി കുന്നുംപുറം ഗവ. ഹയർ സെക്കൻഡറി സ്കൂളിൽ ഏഴ് കുടുംബങ്ങളിലെ 15 പേരെയും വെണ്ണല ഗവ. ഹൈസ്കൂളിൽ എട്ട് കുടുംബങ്ങളിലെ 38 പേരെയും കടവന്ത്ര കേന്ദ്രീയ വിദ്യാലയത്തിൽ 16 കുടുംബങ്ങളിലെ 49 പേരെയും പാർപ്പിച്ചു.

പറവൂർ താലൂക്കിൽ 17 ക്യാമ്പുകളിലായി 428 കുടുംബങ്ങളിലെ 1280 പേരെ മാറ്റിപ്പാർപ്പിച്ചു. ഏലൂർ ഗവ. എൽപി സ്കൂളിൽ ആറ് കുടുംബങ്ങളിലെ 12 പേരും പാതാളത്ത് നഗരസഭാ കെട്ടിടത്തിൽ 22 കുടുംബങ്ങളിലെ 100 പേരും കുറ്റിക്കാട്ടുകര ഗവ. എൽപി സ്കൂളിൽ 11 കുടുംബങ്ങളിലെ 35 പേരും ഐഎസി യൂണിയൻ കെട്ടിടത്തിൽ 15 കുടുംബങ്ങളിലെ 45 പേരും കഴിയുന്നു. മനക്കപ്പടി ഗവ. എൽപി സ്കൂളിൽ ആറ് കുടുംബങ്ങളിലെ 25 പേരെയും വെളിയത്തുനാട് എംഐ യുപി സ്കൂളിൽ 70 കുടുംബങ്ങളിലെ 210 പേരെയും മാറ്റിപ്പാർപ്പിച്ചു. കൂനമ്മാവ് സെന്റ് ഫിലോമിനാസ് സ്കൂളിൽ 20 കുടുംബങ്ങളിലെ 45 പേരും കൈതാരം ഹയർ സെക്കൻഡറി സ്കൂളിൽ 15 കുടുംബങ്ങളിലെ 30 പേരും വയൽക്കര എസ്എൻഡിപി സ്കൂളിൽ 15 കുടുംബങ്ങളിലെ 60 പേരും കഴിയുന്നു. തിരുവാലൂർ ഗവ. എൽപി സ്കൂളിൽ 24 കുടുംബങ്ങളിലെ 40 പേരെയും പാനായിക്കുളം എൽപി സ്കൂളിൽ ഒമ്പത് കുടുംബങ്ങളിലെ 36 പേരെയും പാർപ്പിച്ചു. പുത്തൻവേലിക്കര കുത്തിയതോട് സെന്റ് ഫ്രാൻസിസ് സ്കൂളിൽ 40 കുടുംബങ്ങളിലെ 120 പേരും സെന്റ് തോമസ് സ്കൂളിൽ 18 കുടുംബങ്ങളിലെ 72 പേരും ചാലാക്ക ഗവ. എൽപി സ്കൂളിൽ 18 കുടുംബങ്ങളിലെ 43 പേരും പുത്തൻവേലിക്കര വിസിഎസിൽ 86 കുടുംബങ്ങളിലെ 244 പേരും കഴിയുന്നു. ഫാത്തിമ മാതാ ചർച്ച് ഹാളിൽ 28 കുടുംബങ്ങളിലെ 88 പേരെയും ചാലാക്ക സെന്റ് സെബാസ്റ്റ്യൻസ് ചാപ്പലിൽ 25 കുടുംബങ്ങളിലെ 75 പേരെയും പാർപ്പിച്ചു.

ആലുവ താലൂക്കിൽ ആറ് ക്യാമ്പുകളിലായി 116 കുടുംബങ്ങളിലെ 424 പേരാണുള്ളത്. ചെങ്ങൽ സെന്റ് ജോസഫ്സ് ഗേൾസ് ഹൈസ്കൂളിൽ തുടങ്ങിയ ക്യാമ്പിൽ 37 കുടുംബങ്ങളിലായി 134 പേരാണ് ഉള്ളത്. ചൂർണിക്കര പഞ്ചായത്തിലെ തായിക്കാട്ടുകരയിലെ എസ്പി ഡബ്ല്യു ഹൈസ്കൂളിൽ തിങ്കളാഴ്ച വൈകിട്ടോടെയാണ് ക്യാമ്പ് തുറന്നത്. ഇവിടെ അഞ്ചു കുടുംബങ്ങളിൽ നിന്നായി 18 പേരുണ്ട്. ചെങ്ങമനാട് വിരുത്തി കോളനി അങ്കണവാടിയോട് ചേർന്നുള്ള പകൽ വീട്ടിൽ 18 കുടുംബങ്ങളെ മാറ്റിത്താമസിപ്പിച്ചു. 45 പേരാണ് ഇവിടെയുള്ളത്. നെടുമ്പാശേരി മള്ളുശേരി കമ്യൂണിറ്റി ഹാളിൽ 180 പേരാണുള്ളത്. 45 കുടുംബങ്ങളെ മാറ്റിത്താമസിപ്പിച്ചു. കുന്നശേരി ഇസ്ലാം മദ്രസയിലേക്ക് 10 കുടുംബങ്ങളെ മാറ്റിത്താമസിപ്പിച്ചു. 45 പേരാണ് ദുരിതാശ്വാസ ക്യാമ്പിലുള്ളത്. മേക്കാട് ഗവ. എൽപിഎസിലെ ക്യാമ്പിലേക്ക് രണ്ടംഗങ്ങളുള്ള ഒരു കുടുംബത്തെയും മാറ്റി. എല്ലാ ക്യാമ്പുകളിലും മെഡിക്കൽ ടീമിന്റെ സേവനം സജ്ജമാക്കിയിട്ടുണ്ട്.